**1 . ഹേമന്തം എന്നാൽ മഞ്ഞുകാലമാണല്ലോ. മറ്റ് ഏതൊക്കെ കാലങ്ങളെക്കുറിച്ച് നിങ്ങൾക്കറിയാം? അവയുടെ പ്രത്യേകതകൾ എന്തൊക്കെ? ഓരോന്നിനെക്കുറിച്ചും കുറിപ്പെഴുതൂ...**

വസന്തം, ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശിശിരം എന്നിങ്ങനെ ആറ് കാലങ്ങളാണുള്ളത്. മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം എന്നിങ്ങനെ മൂന്ന് കാലങ്ങളാണ് കേരളത്തിൽ അനുഭവപ്പെടുന്നത്.

ജൂൺ മുതൽ നവംബർ വരെ കേരളത്തിൽ മഴക്കാലമാണ്. തോരാതെ പെയ്യുന്ന മഴയും ഇടയ്ക്കിടെ തെളിയുന്ന വെയിലും മഴക്കാല പ്രകൃതിക്ക് ഭംഗി നൽകുന്നു. തോടുകളും പുഴകളും പാടങ്ങളുമൊക്കെ നിറഞ്ഞു കവിയുന്നതും ഈ കാലത്താണ്. ഓണക്കാലത്താണ് (ആഗസ്റ്റ്, സെപ്തംബർ) നമ്മുടെ നാട്ടിൽ ചെടികൾ ധാരാളമായി പൂക്കുന്നത്. കേരളത്തിന്റെ ഉപവസന്തം എന്നാണ് ഓണക്കാലത്തെക്കുറിച്ച്പറയാറുള്ളത്. ഡിസംബർ മുതൽ ഫെബ്രുവരി വരെയാണ് നമുക്ക് മഞ്ഞു കാലം. മഞ്ഞുകാലത്ത് രാവിലെ നോക്കിയാൽ പൂക്കളിലും ചെടികളിലും ഹിമകണങ്ങൾ പറ്റിപ്പിടിച്ചിരിക്കുന്നതു കാണാം. മാർച്ച് മുതൽ മെയ് വരെ വേനൽക്കാലമാണ്. പ്ലാവ്, മാവ് തുടങ്ങിയ വൃക്ഷങ്ങളിൽ ഫലങ്ങൾ പാകമാകുന്നതും വാക പോലെയുള്ള ചെടികൾ പൂക്കുന്നതും വേനൽക്കാലത്താണ്.

| കാലങ്ങൾ | കാലം വരുന്ന മാസങ്ങൾ | പ്രകൃതിയിലെ മാറ്റങ്ങൾ |
|---|---|---|
| മഴക്കാലം | | |
| മഞ്ഞുകാലം | | |
| വേനൽക്കാലം | | |



**മഴക്കാലം** :മഴ പെയ്യുന്നു, തോടും പുഴയും നിറഞ്ഞ് കവിയുന്നു, മരങ്ങൾ തളിർത്തും പുല്ലുകൾ വളർന്നും പ്രകൃതി പച്ചപുതക്കുന്നു

**മഞ്ഞുകാലം** :ഇലകളിൽ പ്രഭാതത്തിലും സന്ധ്യാനേരത്തും ഹിമകണങ്ങൾ കാണുന്നു., തണുപ്പാർന്ന കാലാവസ്ഥ - തണുത്ത കാറ്റ്, ചില സസ്യങ്ങൾ ഇല പൊഴിച്ച് നിൽക്കുന്നു.

**വേനൽക്കാലം** :ചെടികളും മരങ്ങളും ഉണങ്ങുന്നു, ചൂടുള്ള കാലാവസ്ഥ, ശക്തിയാർന്ന വെയിൽ

* ടീച്ചർ കാലങ്ങളെക്കുറിച്ച് പറഞ്ഞു കൊടുക്കുന്നു.
* ഭാരതീയ സങ്കൽപ്പമനുസരിച്ച് 6 ഋതുക്കളാണുള്ളത്. മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം എന്നിങ്ങനെ 3 കാലങ്ങളാണ് കേരളത്തിൽ അനുഭവപ്പെടുന്നത്.
* കാലാവസ്ഥയ്ക്കനുസരിച്ച് കേരളത്തിലെ കാലങ്ങളെ ആറായി തരംതിരിച്ചിട്ടുണ്ട്. 6 കാലങ്ങളാണ് ഋതുക്കൾ എന്നു വിളിക്കുന്നത്. വസന്തം, ഗ്രീഷ്മം, ഹേമന്തം, ശിശിരം.

കേരളത്തിലെ ഋതുക്കൾ :

## 1- ഗ്രീഷ്മം.

ഗ്രീഷ്മകാലം എന്നു പറയുന്നത് വേനൽക്കാലമാണ് മാർച്ച് മുതൽ മെയ് വരെ വേനൽക്കാലമാണ്. അവധിക്കാലമാണ്. ജലക്ഷാമം ദൗർലഭ്യം ഉണ്ടാകുന്നു. മാമ്പഴക്കാലമാണ്. ചെടികളും മരങ്ങളും പ്ലാവ്, മാവ്, തുടങ്ങിയ വൃക്ഷങ്ങളിൽ ഫലങ്ങൾ ഉണ്ടാകുന്നു. ഉണങ്ങുന്നു. കേരളത്തിൽ ചൂടനുഭവപ്പെടുന്ന കാലമാണ് വേനൽക്കാലം.

## 2- വസന്തം.

മരങ്ങൾ പൂക്കുന്നു. മരങ്ങളുടെ കൊഴിഞ്ഞ ഇലകൾ തളിർക്കുന്നു. ഗ്രീഷ്മത്തിന്റെ തൊട്ടുമുന്നിലോ തുടക്കത്തിലോ വസന്തം കേരളത്തിൽ കടന്നു വരുന്നു. ഫെബ്രുവരി മുതൽ ഏപ്രിൽ വരെയാണ് നമ്മുടെ നാട്ടിൽ വസന്തകാലം.

## 3- വർഷം.

മഴക്കാലമാണിത്. രണ്ട് മഴക്കാലമുണ്ട്. കാലവർഷവും തുലാവർഷവും. ജൂൺ മുതൽ നവംബർ വരെ കേരളത്തിൽ മഴക്കാലമാണ്. തോടുകളും പുഴകളും പാടങ്ങളും നിറഞ്ഞു കവിയുന്നു. ഈ കാലങ്ങളിൽ ജലാശയങ്ങളിൽ വെള്ളം നിറയും. സസ്യങ്ങളും വൃക്ഷങ്ങളും തളിർക്കുന്നു. ഇവയൊക്കെയാണ് മഴക്കാലത്തിന്റെ സവിശേഷതകൾ. തോരാതെ പെയ്യുന്ന മഴയും ഇടയ്ക്കിടെ തെളിയുന്ന വെയിലും മഴക്കാല പ്രകൃതിക്ക് ഭംഗി നൽകുന്നു.

## 4- ശരത്.

ഇടവപ്പാതിയുടെയും തുലാവർഷത്തിന്റെയും ഇടയിലായി ശരത്കാലം കേരളത്തിൽ കടന്നുവരുന്നു. മാനംതെളിയുകയും ചെടികൾ പൂക്കുകയും ചെയ്യുന്നു. ഓണക്കാലമാണ് (ആഗസ്റ്റ്, സെപ്റ്റംബർ) കൊയ്ത്തുകാലമാണിത്. കേരളത്തിന്റെ ഉപവസന്തം എന്നാണ് ഓണക്കാലത്തെക്കുറിച്ച് പറയാറുള്ളത്.

## 5- ഹേമന്തം.

മഞ്ഞ് കാലമാണ്. ഡിസംബർ മുതൽ ഫെബ്രുവരി വരെയാണ് നമുക്ക് മഞ്ഞുകാലം. വൃക്ഷങ്ങളിലും ചെടികളിലും ഹിമകണങ്ങൾ പറ്റിപ്പിടിക്കുന്നത് കാണാം.

## 6- ശിശിരം.

ഹേമന്തകാലത്തിന് തൊട്ട് ശേഷമുള്ള കാലം കൊടും തണുപ്പും ശീതക്കാറ്റും ഉണ്ടാകും. ഇലകൾ കൊഴിയുന്നതും കായ്കനികളും പൂമ്പൊടിയും കാറ്റിന്റെ കൈകളാൽ വിതരണം ചെയ്യുന്നതും ഈ കാലത്താണ്.

* കുറിപ്പ് തയ്യാറാക്കാൻ പറയുന്നു.

വായിപ്പിക്കുന്നു.

തുടർപ്രവർത്തനം.

* മാതൃക പോലെ പദം പിരിച്ചെഴുതുക.
* പൂരിപ്പിക്കാം.
• ടീച്ചർ സമാനപദങ്ങൾ പരിചയപ്പെടുത്തുന്നു. എഴുതുന്നു

തുടർപ്രവർത്തനം.

* വീട്ടുമുറ്റത്ത് അലങ്കാരമായിരിക്കുന്ന ചെടികളെക്കുറിച്ച് വിവരണം തയ്യാറാക്കുക.

# ഋതുക്കൾ

1 വസന്തം (മാർച്ച് - ഏപ്രിൽ)

2 ഗ്രീഷ്മം (മെയ് - ജൂൺ)

3 വർഷം (ജൂൺ - ആഗസ്റ്റ്)

4 ശരത് (സെപ്റ്റംബർ - ഒക്ടോബർ)

5 ഹേമന്തം (നവംബർ - ഡിസംബർ)

6 ശിശിരം (ജനുവരി - ഫെബ്രുവരി)

## കാലങ്ങൾ - കേരളത്തിൽ

- മഴക്കാലം
- മഞ്ഞുകാലം
- വേനൽകാലം

?) മരങ്ങൾ ഇല പൊഴിയുന്ന കാലം ?

A) ശിശിരം

?) നന്നായി മഴ പെയ്യുന്ന കാലം ?

A) വർഷം

?) ചൂട് കൂടുന്ന കാലം ?

A) ഗ്രീഷ്മം

?) അതി ശൈത്യമുണ്ടാകുന്ന കാലം ?

A) ശിശിരം

?) വൃക്ഷങ്ങൾ തളിർക്കുകയും പൂക്കുകയും ചെയ്യുന്ന കാലം

A) വസന്തം